# കാട്ടുതീയിനു പിന്നിൽ തെളിയുന്ന സത്യങ്ങൾ

642584-



ജോർജ്ജ് മാത്യു

കേരളത്തിൽ കാടുകൾ കത്തുന്നു. നൂറ്റാണ്ടുകളാൽ രൂപപ്പെട്ട പ്രകൃതി സമ്പത്ത് നാളുകൾകൊണ്ട് ചാരമായിമാറുമ്പോൾ ജീവന്റെ നിലനിൽപ്പിനാധാരമായ പ്രകൃതി സന്തുലനമാണ് താറുമാറാകുന്നത് കാട്ടു തീ എന്നതും പ്രകൃതിയിലെ പ്രതിഭാസം തന്നെ എന്ന പതിവുസിദ്ധാന്തത്തിൽ നിന്നും വേറിട്ടു ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലാണ് ഇത്തവണ കാട്ടുതീയുടെ വിളയാട്ടം.

കേരളത്തിൽ ആദ്യമായാണ് ഇത്രയും വ്യാപകമായി കാട്ടുതീയുണ്ടാകുന്നത്. വേനൽച്ചൂട് മുറുകുമ്പോൾ ഏപ്രിൽ, മെയ് മാസങ്ങളിലായിരുന്നു മുൻകാലങ്ങളിൽ തീ ഉണ്ടാകാറുള്ളത്. എന്നാൽ ഇത്തവണ ജനുവരി മാസത്തിൽ തന്നെ കാട്ടുതീക്ക് തുടക്കമിടുകയായിരുന്നു സർക്കാർ കണക്കിന്റെ പകുതിയോളമെത്തുന്ന നിത്യഹരിത വനങ്ങൾ ഇതിനകം കത്തിയമർന്നു കഴിഞ്ഞു.. മലയാറ്റൂർ, ചാലക്കുടി, തൃശ്ശൂർ, നെന്മാറ ഡിവിഷനുകളിലായി കിടക്കുന്ന നിത്യഹരിതവനങ്ങളിൽ ഏതാനും ഹെക്ടറുകൾ മാത്രമേ കാട്ടുതീക്ക് വിഴുങ്ങാൻ സാധിക്കാതിരുന്നിട്ടുള്ളൂ.

ഉയർന്ന ചൂടും വേനൽ മഴയുടെ അഭാവവുമാണ് കാട്ടുതീ ഉണ്ടാകാൻ ഇടയാക്കിയത് എന്ന വിലയിരുത്തൽ ഈ സാഹചര്യത്തിൽ ഏറെ പരിമിതമായിപ്പോവുകയാണ്. ചോദ്യങ്ങൾ ഉയരുമ്പോൾ സംശയത്തിന്റെ കുന്തമുന ഉയരുന്നത് വനംവകുപ്പിനു നേരെതന്നെയാണ്. ഒപ്പം മനുഷ്യന്റെ അടങ്ങാത്ത സ്വാർത്ഥതയിലധിഷ്ഠിതമായ ആർത്തിയിലേക്കും.

ഓഫീസിലിരുന്നു നടത്തുവാൻ നിർബന്ധിക്കപ്പെടുന്ന വനസംരക്ഷണമാണ് കേരളത്തിലെ കാടുകളെ ഈ ഗതികേടിലെത്തിക്കുന്നതിൽ മുഖ്യപ്രതിസ്ഥാനത്ത്. ജനുവരിയിൽ എല്ലാ റേഞ്ച് ആപ്പീസുകളിലും കിട്ടിയ വനസംരക്ഷണ സമിതി രൂപവൽക്കരണത്തിനുള്ള നിർദ്ദേശം നടപ്പിലാക്കാൻ വരുത്തിയ കാലതാമസവും ജീവനക്കാരുടെ അലംഭാവവും വനത്തെ ചുട്ടുചാമ്പലാക്കി.

### കാട്ടുതീയുടെ ആവശ്യക്കാർ

ഏറെ അവിശ്വസനീയമായ കാരണങ്ങളാണ് കേരളത്തിലെ കാട്ടുതീയിനു പിന്നിലുള്ളത്. വിവിധ തലങ്ങളിലായി ഒട്ടേറെപേർ കാട്ടുതീയുടെ ആവശ്യക്കാരായി നിലകൊള്ളുന്നു എന്നതാണ് വസ്തുത. വ്യക്തമായ ലക്ഷ്യബോധത്തോടെ അവർ വനത്തിനുമേൽ കടന്നാക്രമണം നടത്തുകയാണ്.

വാച്ചർമാർക്കിടയിലെ കിടമത്സരമാണ് അതിലൊന്ന് പുതിയ വാച്ചർമാർക്ക് അവസരം കിട്ടാതെ വരുമ്പോൾ അവർ പഴയവരുടെ ജോലി കളയാനായി കാടിനു തീ വയ്ക്കുന്നു. അതേസമയം, പുതിയ വനസംരക്ഷണസമിതിയെ തോല്പിക്കാൻ നിലവിലുള്ള വാച്ചർമാരും വർക്കുകൺവീനർമാരും കാടിനു തീവയ്ക്കുന്നു. ആദിവാസി സമിതിയെ തോല്പിക്കാനും, ആദിവാസികളെ നശിപ്പിക്കാനും അവരുടെ ആഹാരം കവരാനുമായി നാട്ടുകാർ കാടിനുതീവെയ്ക്കുന്നതാണ് മറ്റൊന്ന്. മരങ്ങൾ കവർന്നു കൊണ്ടുപോകുന്നതിന്റെ കുറ്റി നശിപ്പിക്കുവാൻ വനപാലകർതന്നെയും കാടിനു തീയിടുന്നുണ്ട്. വേനലിൽ വെള്ളം കുറയുമ്പോൾ വെള്ളമുള്ള ഭാഗത്തേക്ക് എത്തിച്ചേരുന്ന നായാട്ടുസംഘം വനത്തിനു തീയിടുന്നു. ചാരായ വാറ്റു സംഘങ്ങളാകട്ടെ ജനങ്ങളും കന്നുകാലികളും അവരുടെ മേഖലയിലെത്താതിരിക്കുവാൻ കാടിനു തീയിടുന്നു. അടിക്കാടു തെളിഞ്ഞു കിടന്നാൽ സൗകര്യം കൂടുന്നതിനാൽ ചീനിക്കായ ശേഖരിക്കുന്നവരും കാടിനെ ചുടുന്നു. വന മേഖലയിലെ ഏറ്റവും വലിയ കൃഷിയായ ഏത്തവാഴക്കാവശ്യമായ വാഴയൂന്നുകൾ വെട്ടിയെടുക്കുവാനും കാട്ടിലെ അടിക്കാടുകളും കരിയിലയും തീയിട്ടു നശിപ്പിക്കുന്നു. മൃഗങ്ങളുടെ ശരീരത്തിലെ പേൻ, ചെള്ള് കാട്ടിൽതാമസിക്കുന്നവർക്ക് ഏറെശല്യം ചെയ്യുന്നതിനാൽ കാട് കത്താൻ അവരും വനം കത്തിക്കുന്നു. കാട്ടുതീയുടെ ആവശ്യങ്ങൾ ഇവിടെയും തീരുന്നില്ല. ചോലയിലെ അകിൽ മരങ്ങൾ വെട്ടിക്കൊണ്ടുപോകാൻ, പച്ചമരത്തെ ഉണക്കിയെടുക്കാൻ, സുഖമായി മരങ്ങൾ കടത്തിക്കൊണ്ടുപോകാനും, കണിക്കൊന്നയുടെ മരം വെട്ടിവീഴ്ത്തി തൊലിയുണക്കിക്കൊണ്ടുപോകാനും കാട്ടു തീ അത്യാവശ്യമാണ്. ആയിരക്കണക്കിന് കന്നുകാലികളെ കയറ്റിവിട്ടു വളർത്തുന്ന ലോബിക്കും പുതുമഴയ്ക്ക് കാട്ടിൽ പുല്ലു വളരുന്നതിന് കാട്ടുതീ അത്യാവശ്യമാണ്. പ്ലാന്റേഷനുകളിൽ നടത്തുന്ന എല്ലാ അഴിമതികളേയും കാട്ടു തീ മായ്ച്ചു കളയുമെന്നതിനാൽ അവിടെയും കാട്ടുതീ അത്യാവശ്യം തന്നെ. പുതിയ തൈകൾ വച്ചുപിടിപ്പിക്കണമെങ്കിൽ പഴയ തൈകൾ കാട്ടുതീയിൽ നഷ്ടപ്പെടണം. കഴിഞ്ഞവർഷം നടന്ന കാട്ടുതീകൾ മുഴുവൻ ഫയർ ലൈൻ വെട്ടിയിടത്തും തൈകൾ നട്ടിടത്തും മാത്രമായിരുന്നു എന്നത് ഇതിന് അടിവരയിടുന്നു. ചുരുക്കത്തിൽ, കാടുമായി അടുത്തിടപഴകുന്നവരെല്ലാം കാട്ടുതീയിനു പിന്നിലെ കാരണക്കാരായി മാറുകയാണ് ചെയ്യുന്നത്.

### ഉണരേണ്ടത് ജനകീയകൂട്ടായ്മ

ജീവജാലങ്ങൾക്കെല്ലാം അവകാശപ്പെട്ട, അനിവാര്യമായ വനമേഖല സ്വാർത്ഥ ലാഭത്തിനു മുന്നിൽ കത്തിയമരുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ സമൂഹം മുന്നിട്ടിറങ്ങുന്നില്ല എന്നതാണ് ഖേദകരം. കാട്ടുതീ എന്നത് കാട്ടിലെ മാത്രം പ്രശ്നമായി തന്നെയാണ് ഇന്നും ഭൂരിഭാഗവും കരുതുന്നത്. വനം എന്നത് പൊതുസ്വത്താണെന്നും അതിന്റെ സംരക്ഷണം എല്ലാവരുടേയും കടമയാണെന്നതും വിസ്മരിക്കപ്പെടുന്നു. വനം എന്നത് ആസ്വദിക്കാനുള്ളതാണെന്നും അത് കാത്തുസൂക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണെന്നുമാണ് പൊതുജനമനോഭാവം. അതുമാറി വനസംരക്ഷണത്തിന് ജനകീയ കൂട്ടായ്മ ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.